പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3897 15.03.2017 ൽ മറുപടിയ്ക്ക്

## കായികനയം നടപ്പിലാക്കുന്നതിന് പദ്ധതി

ചോദ്യം

ശ്രീ.ആർ.രാമചന്ദ്രൻ

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കായികനയം നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദീകരിക്കുമോ; | എ) | സംസ്ഥാനത്ത് കായികനയം നിലവിലുണ്ട്. പുതുതായി സമഗ്രമായ ഒരു കായികനയം രൂപീകരിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പ രിഗണനയിലാണ്. "കായിക പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് യഥാർത്ഥ കായിക പ്രതിഭകളെ കണ്ടെത്തി സമഗ്രപരിശീലനം ലഭ്യമാക്കുക" എന്നത് പുതിയ നയത്തിന്റെ ഭാഗമാണ്. |
| ബി) | കായിക പ്രതിഭകളെ ചെറുപ്രായത്തിലെ കണ്ടെത്തി പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കുമോ; | ബി) | ചെറുപ്രായത്തിലുള്ള കുട്ടികളുടെ പരിശീലനത്തിനായി 14 ജില്ലകളിലായി വിവിധ കായിക ഇനങ്ങളിൽ ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ച വരുന്നു. കൂടാതെ സ്കൂൾ തലത്തിൽ ഏഴാം ക്ലാസ്സ് മുതൽ സ്പോർട്സ് ഹോസ്റ്റൽ സംവിധാനം നിലവിലുണ്ട്. ചെറുപ്രായത്തിലുള്ള കുട്ടികൾക്കായി സമ്മർ കോച്ചിംഗ് ക്യാമ്പുകൾ നടത്തി വരുന്നു. ജില്ലകളിൽ റൂറൽ ട്രെയിനിംഗ് സെന്ററുകളിലൂടെയും കുട്ടികൾക്ക് പരിശീലന സൗകര്യം ലഭ്യമാക്കുന്നുണ്ട്. |
| സി) | കേരളത്തിൽ ഫുട്ബോൾ അക്കാഡമി സ്ഥാപിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം വിശദീകരിക്കുമോ; | സി) | ഫുട്ബോൾ അക്കാഡമി സ്ഥാപിച്ചിട്ടില്ല. എന്നാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ ഫുട്ബോൾ കായിക ഇനത്തിലും പരിശീലനം നൽകി വരുന്നു. |
| ഡി) | കായികപ്രതിഭകളെ കണ്ടെത്തുന്നതിന് ഗ്രാമീണതലത്തിൽ നടപ്പിലാക്കി വരുന്ന | ഡി) | കേന്ദ്രാവിഷ്കൃത പദ്ധതികളായ "രാജീവ് ഗാന്ധി ഖേൽ അഭിയാൻ" (RGKA), അർബൻ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സ്കീം (USIS), നാഷണൽ സ്പോർട്സ് ടാലന്റ് സ്കീം (NSTS), |

| | | | |
|---|---|---|---|
| | പദ്ധതികൾ വിശദീകരിക്കുമോ? | | എന്നീ പദ്ധതികൾ ഏകോപിപ്പിച്ച് "ഖേലോ ഇൻഡ്യ" - നാഷണൽ പ്രോഗ്രാം ഫോർ ഡെവലപ്മെന്റ് ഓഫ് സ്പോർട്സ് പദ്ധതി നിലവിലുണ്ട്.<br><br>ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് തങ്ങളുടെ കലാകായിക കഴിവുകൾ പ്രക ടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്ന-തിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന്, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 'കേരളോത്സവം' സംഘടിപ്പിച്ചുവരുന്നു.<br><br>കൂടാതെ, ഗ്രാമീണതലത്തിൽ റൂറൽ കോച്ചിംഗ് സെന്ററുകൾ പ്രവർത്തിയ്ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ